# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

ജൂലൈ 27 ചൊവ്വ 2021

Volume: 1, Issue: 11

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


### എടൂർ - പാലത്തുംകടവ് റോഡ് നിർമാണത്തിൽ

## പുത്തൻ പ്രതീക്ഷ




അങ്ങാടിക്കടവ് - വാണിയപ്പാറ റോഡ്

**നീതു തങ്കച്ചൻ**

അനിശ്ചിതത്വത്തിലായിരുന്ന എടൂർ -പാലത്തുംകടവ് റോഡ് നിർമാണത്തിൽ വഴിത്തിരിവ്. ഈ റൂട്ടിൽ 25 കിലോമീറ്റർ ദൈർഘ്യമുള്ള റോഡ് വരാനിരിക്കെ അങ്ങാടിക്കടവ് ഭാഗത്തെ റോഡിന്റെ വീതിയിൽ തീരുമാനമായിട്ടില്ലായിരുന്നു. ടൗണുകളി ൽ 12 മീറ്റർ വീതിയാണ് വേണ്ടതെങ്കിലും 10 മീറ്റർ വീതിയാണ് കണക്കാക്കിയിരിക്കുന്നത്. നിലവിൽ കേരള സ്റ്റേറ്റ് ട്രാൻസ്പോർട് പ്രൊജക്ട് (കെ. എസ്. ടി. പി) എടുത്തിരിക്കുന്ന എസ്റ്റിമേറ്റിൽ 12 മീറ്റർ എന്ന വീതി രേഖപ്പെടുത്തിയിട്ടില്ലായിരുന്നു. തദവസരത്തിലാണ് അങ്ങാടിപത്രത്തിന്റെ ഇടപെടൽ.

'അങ്ങാടിപത്രത്തിന്റെ സമയോചിത ഇടപെടൽ നിമിത്തം കാര്യങ്ങൾ വേഗത്തിലാവുകയും തീരുമാനങ്ങളിൽ കൃത്യത വരുകയും ചെയ്തു. അങ്ങാടിക്കടവിന്റെ വികസന സ്വപ്നങ്ങളെ മനസ്സിലാക്കി അവയിൽ കൃത്യമായി ഇടപെട്ടതുകൊണ്ട് ഈ പദ്ധതിയുടെ കാര്യങ്ങൾക്ക് കൂടുതൽ ഊർജ്ജം ലഭിക്കുന്നതിന് കാരണമായി'. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

അങ്ങാടിക്കടവ് ഭാഗത്ത് പൊതുവേ സ്ഥലപരിമിതിയുള്ളതിനാൽ റോഡിന്റെ വീതി പത്തിൽ നിന്നും 12 മീറ്റർ വീതിയിലേക്ക് മാറ്റുന്നതിനായി എം എൽ എ യുമായ നടത്തിയ ചർച്ചയിലാണ് റോഡ് നിർമാണത്തിൽ വഴിത്തിരിവ് ഉണ്ടായത്.

മൂന്നര കിലോമീറ്റർ ഉള്ള ഓരോ ഖണ്ഡത്തിലും പൊതുജന പങ്കാളിത്തത്തോടെ ജനകീയ കമ്മിറ്റി രൂപീകരിച്ച് സ്ഥലം അളന്നു നൽകി കഴിഞ്ഞാൽ പണികൾ എത്രയും വേഗം ആരംഭിക്കാം. ബാരാപോൾ മുതൽ ചരൽ പെട്രോൾ പമ്പ് വരെ ഭൂഗർഭ വൈദ്യുതി ലൈനുകൾ സ്ഥാപിക്കുന്നുണ്ട്. അതിനായി ഒരു മീറ്ററിനടുത്ത് സ്ഥലം ആവശ്യമാണ്. അതിനനുസരിച്ച് റോഡിന്റെ വീതിയിൽ മാറ്റം വരും.

കള്ളുഷാപ്പ് മുതൽ വില്ലേജ് ഓഫീസ് വരെയുള്ള ദൂരമാണ് 12 മീറ്റർ റോഡിനായി തിരഞ്ഞെടുത്തിരിക്കുന്നത്. ടൗണുകളിൽ വീതി കുറച്ചുകഴിഞ്ഞാൽ അങ്ങാടിക്കടവിന്റെ വികസനത്തെ സാരമായി ബാധിക്കുന്നതിനാൽ 12 മീറ്റർ വീതി ഉറപ്പുവരുത്തണം. വ്യാപാരി വ്യവസായികളെല്ലാം തന്നെ റോഡിനായി സ്ഥലം വിട്ടുനൽകാൻ തയ്യാറാണ്. പകരം നഷ്ടപരിഹാരം ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കെ എസ് ടി പി സ്ഥലം വിട്ടുനൽകുന്നതിന് നഷ്ടപരിഹാരം ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാര്യം ചർച്ചയിലാണ്.

പഞ്ചായത്തിൽ നടന്ന യോഗത്തിൽ എം എൽ എ അഡ്വ. സണ്ണി ജോസഫ്, പഞ്ചായത്ത് പ്രസിഡണ്ട് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായ ഷാജി, ഇ ഷീല, കെ എസ് ടി പി കൺസൾടന്റ് ജിതേന്ദ്ര, ജോയ് പി കെ, കോൺട്രാക്ടർ സിയാദ്, വാർഡ് മെമ്പർമാർ എന്നിവർ പങ്കെടുത്തു.

ഈ പദ്ധതിയിലൂടെ അങ്ങാടിക്കടവിന്റെ വികസന മുന്നേറ്റങ്ങൾക്ക് പുതിയ തുടക്കം കുറിക്കും. എന്നാൽ സ്ഥലം വിട്ടു നൽകുന്ന കാര്യത്തിൽ ജനങ്ങൾ വിമുഖത പ്രകടിപ്പിക്കുന്നത് പദ്ധതി കൊണ്ടുള്ള നേട്ടങ്ങൾക്കുമേൽ വിള്ളലുകൾ വീഴ്ത്തും.

## നാളെയാണ്, നാളെയാണ്...

**തൊവീത്തോ പോജി**

ലോട്ടറി വിൽക്കാനുണ്ട്. പക്ഷേ പുറത്തിറങ്ങാൻ അനുവാദമില്ല വാങ്ങാൻ ആളുമില്ല. കോവിഡ് മഹാമാരിയിൽ താളംതെറ്റിയിരിക്കുകയാണ് ലോട്ടറി വില്പന. ഏക ഉപജീവന മാർഗവും അടയുമ്പോൾ എന്തുചെയ്യണമെന്നറിയാതെ ഇരുട്ടിൽ തപ്പുകയാണ് വിൽപനക്കാർ.

ഏറെക്കാലമായി നിർത്തിവച്ചിരുന്ന ലോട്ടറി വില്പനയ്ക്ക് ഇപ്പോൾ ചൊവ്വ, വെള്ളി ദിവസങ്ങളിൽ അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ ലോട്ടറിയെ മാത്രം ആശ്രയിക്കുന്നവർക്ക് നിത്യ ചിലവുകൾ പോലും കൂട്ടിമുട്ടിക്കാൻ ഈ ഇളവുകൾ കൊണ്ടാകില്ല. ലോക്ക്ഡൗണിൽ അയൽക്കാരിൽ നിന്നും മറ്റും വായ്പയെടുത്ത കാശുകൊണ്ട് നിത്യ ചിലവുകൾ കഴിഞ്ഞ കഥയാ ണ് ലോട്ടറി വിൽപന നടത്തുന്ന ഭിന്നശേഷിക്കാരനായ ഷൈജുവിനു പറയാനുള്ളത്. കോവിഡ് കാലത്ത് ഭാര്യക്കും ജോലി നഷ്ടപ്പെട്ടതോടെ കുടുംബത്തിന് മറ്റു വഴികൾ ഇല്ലായിരുന്നു.



'കൊറോണക്കാലം ഏറെ ബുദ്ധിമുട്ടുകളുടെ കാലമായിരുന്നു. ടിക്കറ്റ് വിൽക്കാൻ സാധിക്കാത്തത് കൊണ്ട് തന്നെ വീട്ടുചിലവും, വീട്ടുവാടകയും ഒക്കെ കണ്ടെത്താൻ ഏറെ ബുദ്ധിമുട്ടി. ലോക്ക് ഡൗൺ ഭാഗികമായി പിൻവലിച്ചത് മുതൽ നടന്നു പോയി ടിക്കറ്റ് വിറ്റിരുന്നു. അങ്ങാടിക്കടവ്, എടൂർ, മാടത്തിൽ, ഇരിട്ടി എന്നിവിടങ്ങളാണ് സ്ഥിരം റൂട്ട്' ഷൈജു പറഞ്ഞു.

ലോട്ടറിവില്പന നിന്നതോടെ ചെലവുകൾ കൂട്ടിമുട്ടിക്കാൻ വൃദ്ധനായ ഗോപാലനും കടം വാങ്ങുകയെ നിവൃത്തിയുണ്ടായിരുന്നുള്ളൂ. 'കൊറോണക്ക് മുൻപ് നല്ല രീതിയിലായിരുന്ന കച്ചവടം കൊറോണ വന്നതോടെ തകിടംമറിഞ്ഞു. അതുകൊണ്ടുതന്നെ കാര്യങ്ങൾ ഏറെ ദുരിതത്തിലാണ്'. ഗോപാലൻ പറഞ്ഞു.

ദുരിതങ്ങൾ ഏറെയുണ്ടെങ്കിലും ലോട്ടറി വിൽപ്പനയുമായി തന്നെ മുന്നോട്ടു പോകാനാണ് ഇരുവരുടെയും തീരുമാനം. 'ശാരീരിക പരിമിതിയിൽ നിന്നുകൊണ്ടും ലോട്ടറി വില്പന മുന്നോട്ടുകൊണ്ടു പോകുന്നത് ഒരേസമയം വെല്ലുവിളിയും അതോടൊപ്പം അഭിമാനവുമാണ്. ആരോഗ്യം അനുവദിക്കുന്നതുവരെ ഈ ജോലി തന്നെ തുടരാനാണ് തീരുമാനം ' ഷൈജു കൂട്ടിച്ചേർത്തു.

## പോസ്റ്റ് ഓഫീസ് ബാങ്കിങ്



**അഭിറാം കെ. കെ.**

കോവിഡ് പ്രതിസന്ധി കാലഘട്ടത്തിൽ ബാങ്ക് അക്കൗണ്ടിലെ പണം പിൻവലിക്കാനുള്ള സൗകര്യം ഒരുക്കി പോസ്റ്റ് ഓഫീസുകൾ. ഒരു ദിവസം പതിനായിരം രൂപ വരെ പോസ്റ്റ് ഓഫീസ് വഴി അക്കൗണ്ടിൽ നിന്ന് പിൻവലിക്കാൻ സാധിക്കും.

ബാങ്ക് അക്കൗണ്ട് ആധാറുമായി ബന്ധിപ്പിച്ചവർക്കാണ് ഇത് സാധ്യമാവുക. പണം പിൻവലിക്കാൻ ആഗ്രഹിക്കുന്നവർ ആധാർ നമ്പറും രജിസ്ട്രേഡ് മൊബൈൽ നമ്പറും കൈയ്യിൽ കരുതേണ്ടതാണ്. ഫിംഗർ പ്രിൻറ് സ്കാനിങ്ങിലൂടെ ഉപഭോക്താക്കൾക്ക് പണമിടപാട് പൂർത്തിയാക്കാൻ സാധിക്കും. നാഷണലൈസ്ഡ് ബാങ്കുകളിൽ അക്കൗണ്ട് ഉള്ളവർക്കാണ് ഈ സൗകര്യം ലഭ്യമാകുക.

കോവിഡ് കാലത്തും പോസ്റ്റ് ഓഫീസുകൾ പ്രവർത്തനസജ്ജം ആയിരുന്നു. ഈ കാലത്ത് പോസ്റ്റ് ഓഫീസ് ജീവനക്കാർ നേരിട്ട ഏറ്റവും വലിയ പ്രതിസന്ധിയായിരുന്നു വീടുകളിൽ കത്തും മറ്റു രജിസ്ട്രേഡ് പോസ്റ്റുകളും എത്തിക്കുക എന്നത്.

'മുൻകാലങ്ങളെ അപേക്ഷിച്ച് കത്തുകൾ വളരെ അപൂർവ്വമാണെങ്കിലും രജിസ്ട്രേഡ് പോസ്റ്റുകൾ, സ്പീഡ് പോസ്റ്റുകൾ, പാഴ്സലുകൾ, സ്റ്റഡി ബുക്സ്, ബാങ്ക് നോട്ടീസുകൾ, പെൻഷൻ മണിയോർഡർ, എൽഐസി ഇൻഷുറൻസ് പ്രീമിയം, മാസികകൾ എന്നിവ പോസ്റ്റ് ഓഫീസുകളിലേക്ക് എത്തുന്നുണ്ട്' എന്ന് അങ്ങാടിക്കടവ് പോസ്റ്റ് ഓഫീസ് ജീവനക്കാരൻ സഹദേവൻ പറഞ്ഞു.

കോവിഡ് മഹാമാരിക്ക് മുമ്പും അതിനു ശേഷവും പോസ്റ്റ് ഓഫീസിലെ ഇടപാടുകൾക്ക് വലിയ മാറ്റം തന്നെ സംഭവിച്ചിട്ടുണ്ട്. കോവിഡ് കാലത്തെ പല മാസികകളുടെയും പ്രിൻറിംഗ് കൃത്യമായി നടക്കുന്നില്ല. കൂടാതെ ഒരു വർഷത്തേക്ക് വരിസംഖ്യ അടച്ചു വാങ്ങുന്ന മാസികകളുടെ വരിസംഖ്യ മുടങ്ങിയതും ഇതിന് കാരണമാകുന്നുണ്ട്.

'ജീവനക്കാരുടെ പ്രവർത്തനത്തിലും വലിയ മാറ്റം ഉണ്ടായിട്ടുണ്ട്. ഏറ്റവുമധികം പ്രാധാന്യം കൊടുക്കുന്നത് സ്വയം പ്രതിരോധത്തിന് ആണ്. ഡബിൾ മാസ്ക് ധരിച്ചും കൃത്യമായി സാനിറ്റൈസർ ഉപയോഗിച്ചും ഹോമിയോ പ്രതിരോധ ഗുളികകൾ കഴിച്ചും ആണ് പോസ്റ്റ് ഓഫീസ് ജീവനക്കാർ ജോലി ചെയ്യുന്നത്. വീടുകളിൽ ചെന്ന് രജിസ്ട്രേഡ് പോസ്റ്റുകൾ ഒപ്പിട്ടു വാങ്ങുമ്പോൾ ആളുകൾ സ്വന്തം പേന തന്നെ ഉപയോഗിച്ച് ഒപ്പിടുകയാണ് ചെയ്യുന്നത്'. അങ്ങാടിക്കടവ് പോസ്റ്റ്ഓഫീസ് ജീവനക്കാരൻ ജോജോ ചെമ്പകശ്ശേരി പറഞ്ഞു.

'കൊറോണ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ ഒന്നര വർഷമായി മരവിപ്പിചിരുന്ന പോസ്റ്റ് ഓഫീസ് ജീവനക്കാരുടെ ഡി.എ ഈ മാസം മുതൽ 11 ശതമാനമാക്കി കൂട്ടിക്കൊണ്ട് വിതരണം ചെയ്യാനുള്ള തീരുമാനം സർക്കാർ അറിയിച്ചിരുന്നു.' എന്ന് ജോജോ ചെമ്പകശ്ശേരി പറഞ്ഞു.

ആദ്യകാലങ്ങളിൽ വാർദ്ധക്യ പെൻഷൻ, വിധവ പെൻഷൻ എന്നിങ്ങനെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾ പോസ്റ്റ് ഓഫീസ് വഴിയാണ് നൽകിക്കൊണ്ടിരുന്നത്. കഴിഞ്ഞവർഷത്തെ സർക്കാർ ഭരണകാലത്ത് ഈ സേവനങ്ങൾ ബാങ്ക് വഴി മാറ്റി. സഹകരണ ബാങ്ക് നാഷണലൈസ്ഡ് ബാങ്ക് എന്നിവയിലൂടെയാണ് ഇപ്പോൾ പെൻഷൻ സേവനങ്ങൾ ലഭിക്കുന്നത്.

ക്യാൻസർ രോഗികൾക്ക് കൊടുക്കുന്ന പെൻഷനും കൂടാതെ വികലാംഗരായ ആൾക്കാരെയും കിടപ്പ് രോഗികളെയും പരിപാലിക്കുന്ന ആൾക്കാർക്കുള്ള 'ആശാകിരൺ' എന്ന പേരിലുള്ള പെൻഷനും പോസ്റ്റോഫീസ് വഴി നൽകി വരുന്നു.

സർക്കാർ ജീവനക്കാരിൽ പോസ്റ്റ് ഓഫീസ് ജീവനക്കാരെ ഗ്രാമീണ ഡാക് സേവക് എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മണിക്കൂർ അടിസ്ഥാനത്തിലാണ് പോസ്റ്റോഫീസ് ജീവനക്കാരുടെ ശമ്പളം നിശ്ചയിക്കുന്നത്. അങ്ങാടിക്കടവ് പോസ്റ്റ് ഓഫീസിൽ പോസ്റ്റ് മാസ്റ്ററായ രാജുവും രണ്ടു പോസ്റ്റുമാൻമാരായ സഹദേവനും, ജോജോയും ഉൾപ്പെടെ മൂന്ന് ജീവനക്കാരാണ് ജോലി ചെയ്യുന്നത്.

## ജൈവകൃഷി പദ്ധതിക്ക് അപേക്ഷ ക്ഷണിച്ച് കൃഷിഭവൻ

അയ്യൻകുന്ന് പഞ്ചായത്തിൽ ഇപ്പോൾ ജൈവ കൃഷി ചെയ്യുന്നവരാണോ നിങ്ങൾ? അതോ ജൈവകൃഷിയിലേക്ക് മാറാൻ താല്പര്യമുള്ള വരാണോ? ഇല്ലെങ്കിൽ കൃഷിയിടത്തിലെ ഒരു ഭാഗം പരീക്ഷണ അടിസ്ഥാനത്തിൽ ജൈവ കൃഷി രീതിയിലേക്ക് മാറ്റാൻ സന്നദ്ധരാണോ? എങ്കിൽ നിങ്ങൾക്ക് ജൈവകൃഷി മാർഗങ്ങളെ സംബന്ധിച്ച് അറിവും പരിശീലനവും നൽകാനും, ജൈവകൃഷി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും കൃഷിഭവനെ സമീപിക്കുക.

ജൈവകൃഷി പദ്ധതിയിൽ അംഗങ്ങൾ ആകുന്നതിലൂടെ ശാസ്ത്രീയ ജൈവകൃഷി സംബന്ധിച്ച അറിവുകൾ ലഭിക്കുന്നതാണ്. കൂടാതെ തങ്ങളുടെ ജൈവ ഉൽപ്പന്നങ്ങൾ സർക്കാരിന്റെ സർട്ടിഫിക്കറ്റോടെ വിൽക്കുന്നതിനും സാഹചര്യം ലഭിക്കുന്നു. മൂന്നു വർഷം നീണ്ടുനിൽക്കുന്ന പദ്ധതിയാണിത്. ജൈവ ഉൽപന്ന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് നിർദ്ദേശിക്കുന്ന പി ജി എസ് മാനദണ്ഡങ്ങൾ പാലിക്കുന്നവർക്കാണ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത്. ഇപ്പോൾ തന്നെ രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കാതെ കൃഷി ചെയ്യുന്നവർക്ക് ജൈവ ഉൽപ്പന്നങ്ങൾ സർക്കാർ മുദ്രണത്തോടെ വിൽക്കാൻ സാധിക്കും. അയ്യൻകുന്ന് പഞ്ചായ ത്തിൽ 250 ഏക്കർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിന് നിർദേശമുണ്ട്. അപേക്ഷ മുഴുവനായും വ്യക്തമായും പൂരിപ്പിച്ച് 2021 -22 വർഷത്തെ നികുതി രസീത്, ആധാർ കാർഡ്, റേഷൻ കാർഡ് ബാങ്ക് പാസ്ബുക്ക്, അക്കൗണ്ട് നമ്പർ കാണിക്കുന്ന പേജ് എന്നിവയുടെ പകർപ്പ് സഹിതം ജൂലൈ 31 ന് മുൻപായി നൽകണം. **അപേക്ഷാഫോം കൃഷിഭവനിൽ നിന്നും ലഭിക്കുന്നതാണ്.**

## എഡിറ്റോറിയൽ

### വിദ്യ കൊണ്ട് പ്രബുദ്ധരാകുക

ഒരു സമൂഹത്തിന്റെ സർവ്വതോമുഖമായ വികസനത്തിന് വിദ്യാഭ്യാസം കൂടിയേതീരൂ. സമൂഹത്തിന്റെ നട്ടെല്ലും ശക്തിയും, അതാണ് വിദ്യാഭ്യാസം. അക്ഷരം അറിയാവുന്നവനു മാത്രമേ വികസനം ഉണ്ടാകു. വിദ്യാഭ്യാസം നേടുന്നത് വ്യക്തികളാണ്, പക്ഷേ മാറ്റം സംഭവിക്കുന്നത് ഒരു സമൂഹത്തിന് തന്നെയാണ്. വിദ്യാഭ്യാസം ഒരു പ്രദേശത്തിന്റെ മൊത്തം വിലപ്പെട്ട സ്വത്താണ്. പ്രത്യേകിച്ച് സാക്ഷരതയിൽ ഒന്നാം സ്ഥാനത്തുള്ള ഒരു സംസ്ഥാനത്താണ് നാം അധിവസിക്കുന്നത്. അതുകൊണ്ടുതന്നെ വിദ്യാഭ്യാസം നേടുക അത്യന്താപേക്ഷിതമാണ്. നമ്മുടെ നാടിന് തിലകക്കുറി ചാർത്തി നിൽക്കുന്ന രണ്ടു വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട് അങ്ങാടിക്കടവിൽ എന്നതിൽ നമുക്ക് അഭിമാനിക്കാം. കർഷകർ കൂടുതലുള്ള നമ്മുടെ നാട്ടിൽ ഇന്ന് ഡോക്ടർമാർ, എഞ്ചിനീയർമാർ നഴ്സുമാർ, അധ്യാപകർ, ഗവൺമെന്റ് ജീവനക്കാർ എന്നിവരൊക്കെ രൂപപ്പെടുന്നുണ്ടെങ്കിൽ അതിന് നമ്മുടെ സേക്രഡ് ഹാർട്ട് സ്കൂൾ വഹിച്ച പങ്ക് വളരെ വലുതാണ്. മഹാമാരിയുടെ ഈ സമയത്തും 65 വിദ്യാർഥികൾക്ക് മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടികൊടുത്ത് ഇരിട്ടി മേഖലയിലെ തന്നെ ഏറ്റവും മികച്ച വിജയം കൊയ്തതു സേക്രഡ് ഹാർട്ട് ഹൈസ്കൂളാണ്. നമ്മുടെ പ്രദേശത്തെ വിദ്യാഭ്യാസ മേഖലയ്ക്ക് മികച്ച അടിത്തറ പാകാൻ സേക്രഡ് ഹാർട്ട് സ്കൂളിന് സാധിക്കുന്നുണ്ട്. ഉന്നതവിദ്യാഭ്യാസരംഗത്ത് ഒരു സ്ഥാപനം ഇല്ലാതിരുന്ന സമയത്താണ് ഡോൺബോസ്കോ കോളേജ് ആരംഭിക്കുന്നത്. ഉന്നതവിദ്യാഭ്യാസരംഗത്ത് ഒത്തിരി നേട്ടങ്ങൾ കൊയ്യാൻ ഈ സ്ഥാപനത്തിന് സാധിച്ചിട്ടുണ്ട്. ഇന്ന് കണ്ണൂർ യൂണിവേഴ്സിറ്റിയിലെ വേറിട്ട കോളേജ് എന്ന് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗങ്ങൾ വിശേഷിപ്പിച്ച കോളേജാണ് ഡോൺ ബോസ്കോ കോളേജ്. ഈ വർഷം 51 വിദ്യാർത്ഥികൾക്ക് എപ്ലസ് നേടാനായി എന്നത് ഇതിനു തെളിവാണ്. കലാ കായിക പ്രകടനങ്ങളിലും നിരവധി നേട്ടങ്ങൾ യൂണിവേഴ്സിറ്റി തലത്തിൽ നേടുവാൻ കോളേജിനായിട്ടുണ്ട്.അടിസ്ഥാന സൗകര്യ മേന്മ കൊണ്ടും ഡോൺബോസ്കോ കോളേജ് ഏറെ പ്രശസ്തമാണ്.നമ്മുടെ നാട്ടിൽ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്എന്നതിൽ നമുക്ക് അഭിമാനിക്കാം. നാം ചെയ്യേണ്ടത് ഇത്രമാത്രം. വിദ്യകൊണ്ട് പ്രബുദ്ധരാവുക.

\- എഡിറ്റർ

## ഡോൺ ബോസ്കോ കോളേജിന് പൊൻതിളക്കം

ചെറുപുഷ്പം പാറയ്ക്കൽ

കണ്ണൂർ സർവകലാശാല അഞ്ചാം സെമസ്റ്റർ ബിരുദ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചപ്പോൾ ഡോൺബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജിലെ വിദ്യാർഥികൾക്ക് മിന്നും വിജയം. കോളേജിലെ വിവിധ ഡിപ്പാർട്ട്മെന്റുകളിലെ വിദ്യാർഥികളിൽ 51 പേർ എ പ്ലസ് ഗ്രേഡും 81 പേർ എ ഗ്രേഡും കരസ്ഥമാക്കി.

ഇന്റേണൽ പരീക്ഷകളുടെ അഭാവത്തിൽ പൊതു പരീക്ഷയെ നേരിടുന്നതിനുള്ള ഭയം വിദ്യാർഥികൾക്ക് ഉണ്ടായിരുന്നു . അതിനെ അതിജീവിച്ച് പരീക്ഷയെഴുതിയ വിദ്യാർഥികൾക്ക് പ്രതീക്ഷിച്ചതിലും ഉയർന്ന വിജയ ശതമാനവും മാർക്കും നേടാൻ സാധിച്ചു. കോവിഡ് കാലഘട്ട പ്രതിസന്ധികളെ അതിജീവിച്ച് നേടിയ വിജയത്തിന് തിളക്കമേറെയാണ്.

'കോവിഡ് പ്രതിസന്ധിക്കിടയിലും വിദ്യാർഥികൾ മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. ഗവൺമെൻറ് കോളേജുകളിലെ വിദ്യാർഥികളെ പോലെ തന്നെ ഡോൺ ബോസ്കോയിലെ വിജയവും എടു ത്തുപറയേണ്ടതാണ്. അധ്യാപകർ നൽകുന്ന ഉയർന്ന നിലവാരത്തി ലുള്ള പരിശീലനത്തിന്റെ ഫലമാണ് ഈ വിജയം. യൂണിവേഴ്സിറ്റി തലത്തിൽ കോളേജിന്റെ നിലവാരമാണ് മാർക്കുകളിൽ പ്രതിഫലിക്കുന്നത് വിദ്യാർത്ഥികൾ കാഴ്ചവച്ച പ്രകടനത്തിൽ വളരെ സന്തുഷ്ടനാണ്'. കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ഫ്രാൻസിസ് കാരക്കാട്ട് പറഞ്ഞു.

'ഓൺലൈൻ ക്ലാസുകൾക്ക് പുറമേ വിദ്യാർത്ഥികളും അധ്യാപകരും തമ്മിലുള്ള സംവാദങ്ങളും പരീക്ഷയെ നേരിടുന്നതിന് വിദ്യാർഥികളെ ഏറെ സഹായിച്ചിരുന്നു. എല്ലാ പ്രതിസന്ധികളിലും അധ്യാപകരുടെയും കോളേജ് അധികൃതരുടെയും പൂർണ സഹകരണം ഉണ്ടായതും വിജയത്തിന് കാരണമായി' കോളേജ് മാനേജർ ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി അഭിപ്രായപ്പെട്ടു

'കൊറോണയുടെ പ്രതികൂല അവസ്ഥയും വളരെ ജാഗ്രതയോടെയാണ് ആറാം സെമസ്റ്റർ യൂണിവേഴ്സിറ്റി പരീക്ഷ എഴുതിയത്. കോളേജ് അധികൃതരുടെയും അധ്യാപകരുടെയും അതീവ ശ്രദ്ധ ചെലുത്തികൊണ്ടാണ് ഞങ്ങളെ പരീക്ഷയ്ക്ക് സജ്ജീകരിച്ചത് പതിവിലും വ്യത്യസ്തമായി നിരവധി ചോദ്യങ്ങൾ അടങ്ങിയ ചോദ്യപേപ്പറാണ് ഉണ്ടായിരുന്നത്. ആറാം സെമസ്റ്റർ പരീക്ഷയിലും നല്ല ഫലം ലഭിക്കുമെന്ന് വിശ്വസിക്കുന്നു'. കോളേജിലെ വിദ്യാർത്ഥിനി ആൻ മേരി ജോസഫ് പറഞ്ഞു.

## കാർഷിക വായ്പാ പരിധി ഉയർത്തണം: എകെസിസി

നീതു തങ്കച്ചൻ

മലയോരത്ത് കാർഷികവായ്പാ പരിധി ഉയർത്തണമെന്ന് അങ്ങാടിക്കടവ് എ കെ സി സി യൂണിറ്റ് എക്സിക്യൂട്ടീവ് യോഗം ആവശ്യപ്പെട്ടു. വർഷങ്ങളായി തുച്ഛമായ തുകയാണ് വിവിധ ബാങ്കുകൾ കാർഷികാവശ്യങ്ങൾക്ക് വായ്പ അനുവദിക്കുന്നത്. എന്നാൽ കൃഷിയിലും കൂലിയിനത്തിലും വന്ന ഭാരിച്ച ചിലവുകൾ കർഷകർക്ക് താങ്ങാനാവാത്തതിനാൽ ഏക്കർ പരിധിയിൽ നാളിതുവരെ കൊടുത്തുകൊണ്ടിരിക്കുന്ന തുകയിൽ വർദ്ധന വരുത്തി ചെറുകിട,വൻകിട കർഷകർക്ക് 10 ലക്ഷം രൂപ വരെയെങ്കിലും കാർഷിക വായ്പാ പരിധി വർധിപ്പിക്കണം. ഇതുസംബന്ധിച്ചുള്ള നിവേദനം ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന് നൽകാൻ തീരുമാനിച്ചു.

'കാർഷിക വായ്പകൾക്ക് ബാങ്കുകൾ നാലു ശതമാനം പലിശയാണ് ഈടാക്കുന്നത്. എന്നാൽ കർഷകർ എടുക്കുന്ന മറ്റു ലോണുകൾക്ക് പലിശ നിരക്ക് കൂടുതലാണ്. അതിനാൽ കർഷകർ എടുക്കുന്ന എല്ലാ ലോണുകൾക്കും പലിശ നിരക്ക് നാലു ശതമാനമാക്കണം'. ഫൊറോന ഡയറക്ടർ ഫാ. തോമസ് ആമക്കാട്ട് പറഞ്ഞു.

യോഗത്തിൽ ഫൊറോന ഡയറക്ടർ ഫാ. തോമസ് ആമക്കാട്ട്, അസിസ്റ്റന്റ് വികാരി ഫാ.തോമസ് പൂവൻപുഴ, പ്രസിഡന്റ് ജോസ് കുഞ്ഞു തടത്തിൽ, ഷീജ സെബാസ്റ്റിൻ, ലിസി വയലാമണ്ണിൽ, ജോസ് മാപ്പിളപറമ്പിൽ, സണ്ണി പട്ടമന, ആന്റണി മേൽവെട്ടം, തുടങ്ങിയവർ പ്രസംഗിച്ചു.

വാർത്തകൾക്കും പരസ്യങ്ങൾക്കും വിളിക്കുക....
9496698531

## 52% 'എ് പ്ലസ്' നിറവിൽ അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് സ്കൂൾ

ക്രിസ്റ്റീൻ ലൂയീസ്

എസ്. എസ്. എൽ. സി. വിജയശതമാനം റെക്കോർഡിട്ട ഈ അദ്ധ്യയന വർഷം അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് സ്കൂളിനും അഭിമാനകരമായ നേട്ടം. പരീക്ഷയെഴുതിയവരിൽ 52 ശതമാനം വിദ്യാർത്ഥികളും എല്ലാ വിഷയങ്ങളിലും എ പ്ലസ് നേടി. 127 പേരിൽ 65 വിദ്യാർഥികൾ എല്ലാ വിഷയങ്ങളിലും എ പ്ലസ് നേടിയപ്പോൾ 11 പേർക്ക് 9 എ പ്ലസും 14 പേർക്ക് 8 എ പ്ലസും നേടാനായി എന്നത് സ്കൂളിന്റെ മികച്ച പഠനനിലവാരത്തിന്റെ തെളിവാണ്.

'കോവിഡ് മൂലം ഒരു വിദ്യാർത്ഥിക്ക് എല്ലാം പരീക്ഷകളും എഴുതാൻ സാധിച്ചില്ല എന്നത് ദൗർഭാഗ്യകരമാണ്, എങ്കിലും എഴുതിയവർ എല്ലാവരും വിജയിച്ചു. ഇരിട്ടി പ്രദേശത്ത് വെച്ച് ഏറ്റവും കൂടുതൽ എ പ്ലസ് ശതമാനം കൈവരിച്ച സ്കൂളാണിത്. ഒരു വിഷയത്തിൽ എ പ്ലസ് നഷ്ടമായവർ പുനർമൂല്യനിർണയത്തിന് നൽകുന്നുണ്ട്' പ്രധാനാധ്യാപകനായ ഫാദർ കുര്യാക്കോസ് അറക്കൽ പറഞ്ഞു.

'കോവിഡ് കാലമായിരുന്നതിനാൽ അഞ്ചു മണിക്കൂർ വീതം ക്ലാസ് ഉണ്ടായിരുന്നു. ഒരു വിഷയം ഒരു മണിക്കൂറോളം സമയമെടുത്തു പഠിപ്പിച്ചിരുന്നു. വിദ്യാർത്ഥികളുടെ പഠന നിലവാരം അനുസരിച്ച് വിവിധ ഗ്രൂപ്പുകളാക്കി തിരിച്ച് പഠനത്തിൽ പിന്നോക്കം നിന്നിരുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക ശ്രദ്ധ നൽകാൻ സാധിച്ചു. ക്ലാസുകൾ കൃത്യമായ പൂർത്തിയാക്കണമെന്ന് പ്രധാനാധ്യാപകന്റെ കർശനമായ നിർദ്ദേശവും ഉണ്ടായിരുന്നു. പരീക്ഷയ്ക്കും സ്പെഷ്യൽ ക്ലാസ്സിനുമൊക്കെ രക്ഷിതാക്കൾ നൽകിയ പിന്തുണ മികച്ച റിസൾട്ട് നേടുന്നതിന് സഹായിച്ചു' ബയോളജി അധ്യാപികയായ റോസമ്മ ഉഴുത്തുവാൽ പറഞ്ഞു.

വിദ്യാർത്ഥികളുടെ പഠന നിലവാരം മനസ്സിലാക്കാൻ കൃത്യമായി ക്ലാസ് ടെസ്റ്റുകൾ നടത്തിയിരുന്നു. പ്രവർത്തി സമയത്തിന് പുറമേ വിദ്യാർത്ഥികൾക്ക് വേണ്ടി കൂടുതൽ സമയം മാറ്റി വയ്ക്കുവാൻ എല്ലാ അധ്യാപകരും തയ്യാറായിരുന്നു. വാട്സാപ്പിലൂടെ വരുന്ന ഉത്തരക്കടലാസുകളൊക്കെ വിലയിരുത്തുക എന്നത് കുറച്ച് ബുദ്ധിമുട്ടായിരുന്നുവെന്ന് അധ്യാപകനായ ജോർജ് ആന്റണി വ്യക്തമാക്കി.

അദ്ധ്യാപകർ നല്ല രീതി യിൽ കുട്ടികളെ പരീക്ഷകൾക്ക് ഒരുക്കിയിരുന്നു. അതിനാൽ ഒരു രക്ഷിതാവ് എന്ന നിലയിൽ യാതൊരു ആശങ്കയും ഇല്ലായിരുന്നുവെന്ന് രക്ഷിതാവായ ജോഷി ജോൺ പറഞ്ഞു. 'പരീക്ഷ ദിവസങ്ങളിൽ നേരിട്ട് വിളിച്ചും തുടർന്നുള്ള പരീക്ഷകൾക്കായി നന്നായി ഒരുക്കിയും അദ്ധ്യാപകർ ഞങ്ങളുടെ പഠന കാര്യത്തിൽ അതീവശ്രദ്ധ പുലർത്തിയിരുന്നു.


അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് സ്കൂൾ

കോവിഡിന്റെ സാഹചര്യത്തിൽ ഞങ്ങൾക്ക് സഹായകരമായത് ഓരോ ടീച്ചർമാരുടെയും വാട്സ്ആപ്പ് ക്ലാസും, വിക്ടേഴ്സിലൂടെയുള്ള ഓൺലൈൻ ക്ലാസും ആയിരുന്നു. ഹെഡ്മാസ്റ്റർ കുര്യാക്കോസച്ചൻ ഞങ്ങളുടെ പഠനകാര്യങ്ങളിൽ ശ്രദ്ധിക്കുകയും പഠനത്തിനാവശ്യമായ പ്രോത്സാഹനവും നൽകിയിരുന്നു. കഴിഞ്ഞവർഷം വീട്ടിലിരുന്നാണെങ്കിലും നന്നായിട്ട് പഠിക്കുവാനും എസ്എസ്എൽസി പരീക്ഷ നന്നായി എഴുതുവാനും ദൈവാനുഗ്രഹത്താൽ സാധിച്ചു'. വിദ്യാർത്ഥിനിയായ ഐറിൻ എലിസബത്ത് സിമ്മി പറഞ്ഞു.

ഫുൾ എ പ്ലസ് വിജയം കൈവരിക്കാൻ സാധിച്ചെങ്കിലും സ്കൂളിൽ പോയി സഹപാഠികളുമായിയുള്ള സൗഹൃദ നിമിഷങ്ങൾ ഇല്ലാതെ പോയത് സങ്കടകരമാണെന്നും കോവിഡ് മാറി പഴയപോലെ സ്കൂളുകൾ തുറന്നു എല്ലാവർക്കും ഒരുമിച്ചിരുന്ന് കളിക്കാനും പഠിക്കാനും സാധിക്കുന്ന ദിവസങ്ങൾ തിരിച്ച് കിട്ടാൻ ആശിക്കുന്നുവെന്ന് വിദ്യാർത്ഥിയായ സോയൽ ജോളി പറഞ്ഞു.

## കാനകളില്ല, കുളമായി റോഡുകൾ


റോഡ് എവിടെ മക്കളേ? കുളമായ അങ്ങാടിക്കടവിലെ റോഡ്

ഡെൽന ഡേവിസ്

മഴക്കാലമായതോടെ ചാലുകളായി അങ്ങാടിക്കടവിലെ റോഡുകൾ. കാനകളുടെ അഭാവമാണിതിനു പ്രധാന കാരണം. കൃത്യമായി ഓവുചാലുകൾ നിർമ്മിക്കാത്തതിനാൽ തന്നെ മഴപെയ്യുമ്പോൾ റോഡിൽ വെള്ളം കെട്ടി നിൽക്കുന്ന അവസ്ഥയാണ്. അത് പലപ്പോഴും സുഗമമായ ഗതാഗതത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

ചില സ്ഥലങ്ങളിൽ കാനയുണ്ടെങ്കിൽ പോലും അത് കൃത്യമായി സംരക്ഷിക്കപ്പെടുന്നില്ല. പ്ലാസ്റ്റിക് പോലുള്ള മാലിന്യങ്ങൾ നിറഞ്ഞ് അടഞ്ഞു പോവുകയാണ് പതിവ്. മഴക്കാലത്ത് കല്ലും മണ്ണും വന്നടിയുന്നത് കാനയിലെ ഒഴുക്കിനെ തടസ്സപ്പെടുത്തുന്നുണ്ട്. കൃത്യമായ വൃത്തിയാക്കാത്തതിനാൽ തന്നെ വെള്ളം കാനയിലൂടെ ഒഴുകാതെ റോഡിലൂടെ കുത്തിയൊഴുകുന്ന അവസ്ഥയാണ്.

ഓവുചാലുകളുടെ അഭാവം ഏറ്റവുമധികം പ്രശ്നം തീർക്കുന്നത് അങ്ങാടിക്കടവ് ടൗണിലാണ്. ഒരുവശത്ത് മാത്രമേ ഓവുചാൽ നിർമ്മിച്ചിട്ടുള്ളൂ. എന്നാൽ രണ്ടരവർഷം മുൻപ് ഓവുചാലുകൾ അടഞ്ഞു പോയതിനെ തുടർന്ന് സ്ലാബുകൾ നീക്കം ചെയ്തിരുന്നു. അതിന്റെ അറ്റകുറ്റപ്പണികൾ ഇതുവരെ നടന്നിട്ടില്ല. മഴപെയ്യുമ്പോൾ ഓവുചാലുകൾ നിന്നും മലിനജലം കവിഞ്ഞ് റോഡിലേക്ക് ഒഴുകിയെത്തുന്ന സ്ഥിതിയാണ്. ഗതാഗതക്കുരുക്കും നിത്യ സംഭവമാണെന്ന് വ്യാപാരികളും ഓട്ടോറിക്ഷ ഡ്രൈവർമാരും ചൂണ്ടിക്കാട്ടി. കേരള ട്രാൻസ്പോർട്ട് പ്രൊജക്റ്റിന്റെ കീഴിൽ പുതിയ റോഡ് പദ്ധതിക്കുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. പുതിയ റോഡ് വരുന്നതോടെ പ്രശ്നങ്ങളെല്ലാം അവസാനിക്കുമെന്നും ടൗണിന് പുതിയ മുഖച്ഛായ തന്നെ ലഭിക്കുമെന്നുള്ള പ്രതീക്ഷയിലാണ് നാട്ടുകാർ.

'കാനകൾ ഇല്ലാത്തതിനാൽ റോഡിൽ വെള്ളം കെട്ടിനിൽക്കാനുള്ള സാധ്യതയേറെയാണ് റോഡുകൾ തകരാൻ പ്രധാന കാരണമതാണ്. പുതിയ റോഡ് നിർമ്മാണത്തിൽ ഈ പ്രശ്നം പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു'.

**ആന്റോ ജോസ്**
**അങ്ങാടിക്കടവ് നിവാസി**

'അന്ന് റോഡിന്റെ കൂടെ കാനകൾ നിർമ്മിക്കുന്നതിൽ ശ്രദ്ധിച്ചിരുന്നില്ല. ഇപ്പോൾ കെ എസ് ടി പി കീഴിൽ റോഡ് പണിയുടെ കാര്യങ്ങൾ പുരോഗമിക്കുന്നുണ്ട്. ഏറ്റവും അടുത്ത ദിവസങ്ങളിൽ തന്നെ പണി ആരംഭിക്കുമെന്ന് പ്രതീക്ഷിക്കാം. അപ്പോൾ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടും'.

**കുര്യാച്ചൻ**
**പൈമ്പള്ളിക്കുന്നേൽ**
**പഞ്ചായത്ത് പ്രസിഡന്റ്**

'ഇപ്പോൾ നിർമ്മിക്കുന്ന റോഡിന് ആവശ്യമായിടത്തെല്ലാം കാന ഉൾപ്പെടുത്തിയിട്ടുണ്ട്. റോഡ് ഉയർന്ന്, വെള്ളം താഴേക്ക് ഒഴുകി പോകുന്ന പ്രദേശങ്ങളിൽ മാത്രമാണ് കാന ഒഴിവാക്കിയിരിക്കുന്നത്. എഴുപത് സെന്റീമീറ്റർ മുതൽ ഒരു മീറ്റർ വരെ വീതിയുള്ള കാനകളാകും ഉണ്ടാവുക'.

**ജോയ് റെസിഡന്റ്**
**എഞ്ചിനീയർ, എടൂർ പ്രൊജക്റ്റ്**

'ടൗണിൽ ഒരുവശത്ത് മാത്രമേ കാനകളുള്ളൂ. രണ്ടരവർഷം മുൻപ് പൊളിച്ച് സ്ലാബ് പോലും ഇതുവരെ ശരിയാക്കിയിട്ടില്ല. കാന ഇല്ലാത്തതു കൊണ്ട് തന്നെ മഴപെയ്താൽ റോഡ് മുഴുവൻ വെള്ളമാണ്. ഉള്ള കാനകൾ തന്നെ വേണ്ടവിധത്തിൽ വൃത്തിയാക്കുന്നില്ല. പുതിയ റോഡ് ഇതിനൊരു പരിഹാരമാകട്ടെ '.

**ഷിജു**
**ഓട്ടോ ഡ്രൈവർ**






For private circulation only

എഡിറ്റോറിയൽ ടീം – ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: പ്രവീൺ പി. എഫ്. | എഡിറ്റർ ഇൻ ചാർജ്: തൊവീത്തോ പോജി | സബ് എഡിറ്റേഴ്സ്: ക്രിസ്റ്റീൻ ലൂയീസ്, അഭിറാം കെ. കെ., നീതു തങ്കച്ചൻ, ഡെൽന ഡേവിസ്, ചെറുപുഷ്പം പാറയ്ക്കൽ | ഫോട്ടോഗ്രാഫേഴ്സ്: ക്രിസ്റ്റീൻ ലൂയീസ്, അഭിറാം കെ. | ഡിസൈൻ: ക്രിസ്റ്റീൻ ലൂയീസ്, തൊവീത്തോ പോജി